# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പറക്കോട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നമ്പർ .കെ എസ്എ .പി റ്റിഎ .പി -12-731/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 06/10/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പറക്കോട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

നമ്പർ: നമ്പർ .കെ എസ്എ .പി റ്റിഎ .പി -12-731/23 തീയ്യതി: 06/10/2023

# പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ വിനോദ് ശ്രീധർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 23-06-2023 | 30-06-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-06-2023 | 03-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ അജ്മൽ എ.എസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി ദീപ എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ അരുൺ പി.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ലേഖ ജനാർദ്ധനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ആർ. തുളസീധരൻ പിള്ള | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ കെ.ആർ. രാജശേഖരൻ നായർ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ കെ. പ്രദീപ്കുമാർ | ക്ഷീരവികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ പ്രവീൺ പ്രകാശ് | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി റാണി പി.ജി. | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. ബെറ്റ്സി ജേക്കബ് | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2022 | 27-10-2022 |
| ഡോ. വിപിൻ എ. | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 28-10-2022 | 31-03-2023 |
| ശ്രീ റോഷൻ ജോർജ്ജ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി റാണി എസ്. | സി.ഡി.പി.ഓ. | 01-04-2022 | 15-12-2022 |
| ശ്രീമതി രജിത ആർ | സി.ഡി.പി.ഓ (ഇൻ ചാർജ്ജ്) | 16-12-2022 | 21-12-2022 |
| ശ്രീമതി ഷംല എ. | സി.ഡി.പി.ഓ. | 22-12-2022 | 31-03-2023 |
| ശ്രീമതി ഷിബില ജെ. | സി.ഡി.പി.ഓ. അഡീഷണൽ | 01-04-2022 | 15-12-2022 |
| ശ്രീമതി എൽസമ്മ ഫിലിപ്പ് | സി.ഡി.പി.ഓ. അഡീഷണൽ (ഇൻ ചാർജ്ജ്) | 16-12-2022 | 21-12-2022 |
| ശ്രീമതി ശ്രീരശ്മി റ്റി.എസ്. | സി.ഡി.പി.ഓ. അഡീഷണൽ | 22-12-2022 | 31-03-2023 |
| ശ്രീമതി ഷീബ എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 17-12-2022 |
| ശ്രീമതി അഷിത വി.എ. | അസിസ്റ്റന്റ് എഞ്ചിനീയർ | 17-12-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി സുനിതകുമാരി എസ്. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-3 |
| 5 | വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല | 1-1-4 |
| 6 | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക അഡ്വാൻസ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | വാടക കുടിശ്ശികത്തുക ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | വാർഷിക കണക്ക് പ്രകാരം അവശേഷിക്കുന്ന തുകകളെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമല്ല | 1-1-7 |
| 9 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ചെലവ് തുക പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം (റസിപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്) | 1-3 |
| 12 | ഗ്രാന്റ് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | ക്യാഷ് പരിശോധന | 1-6 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 17 | സാംഖ്യാ രസീതുകളുടെ ഉപയോഗം സുതാര്യമല്ല | 1-9 |
| 18 | കടമുറികളുടെ വാടക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു | 1-10 |
| 19 | അഡ്വാൻസ് രജിസ്റ്റർ ക്രമീകരിക്കുന്നില്ല | 1-11 |
| 20 | നിക്ഷേപ പ്രവർത്തികൾ- നടത്തിപ്പിലെ അപാകതകൾ സംബന്ധിച്ച് | 1-12 |
| 21 | കേരള വാട്ടർ അതോറിറ്റിയിൽ നിന്നും തിരിച്ചടച്ച തുക ബ്ളോക്ക് പഞ്ചായത്തിന്റെ മിസലേനിയസ് അക്കൌണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. | 1-13 |
| 22 | തുക ഒടുക്കിയിട്ടും ബ്ലോക്ക് പഞ്ചായത്തിൽ പബ്ളിക്ക് അഡ്രസ് സിസ്റ്റം സ്ഥാപിച്ചില്ല | 1-14 |
| 23 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-15 |

| | | |
|---|---|---|
| 24 | പി.എം.എ.വൈ - തുക കൈപ്പറ്റിയവർ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 1-16 |
| 25 | മുൻകൂർ പണമടച്ചിട്ടും മരുന്ന്, ലാബ് റീയേജന്റ്സ് എന്നിവ പൂർണ്ണമായും ലഭ്യമാക്കിയില്ല | 1-17 |
| 26 | റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്റർ (RRF)- പ്രവർത്തനം ആരംഭിച്ചില്ല. | 1-18 |
| 27 | CHC കെട്ടിട നവീകരണത്തിന്റെ ഭാഗമായി കുഴിച്ചെടുത്ത മണ്ണ് ലേലം ചെയ്തില്ല | 1-19 |
| 28 | റോഡ് പുനരുദ്ധാരണപ്രവൃത്തികളിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല | 1-20 |
| 29 | ഗ്രാമപഞ്ചായത്തുകളുടെ ആസ്തികളിൽ നിർമ്മാണപ്രവൃത്തികൾ നടത്തുന്നതിന് അനുമതി ഉറപ്പാക്കണം | 1-21 |
| 30 | അറുപത് വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് യോഗ പരിശീലനം - നിർവ്വഹണത്തിലെ അപാകതകൾ | 1-22 |
| 31 | ജെന്റർ റിസോഴ്സ് സെന്റർ അടിസ്ഥാന സൗകര്യങ്ങൾ , വനിത കൗൺസലിംഗ് സെന്റർ (നം:70/22-23) പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ. | 1-23 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | അറുപത് വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് ബ്ലോക്ക് കേന്ദ്രങ്ങളിൽ യോഗ പരിശീലനം എന്ന പ്രോജക്റ്റ് - നിർവ്വഹണത്തിലെ അപാകതകൾ . | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 17.05.2023-ലെ 4(1) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി (കമ്മിറ്റി തീരുമാനത്തിന്റെ നമ്പരും തീയതിയും) 23.05.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

| | |
|---|---|
| പത്തനംതിട്ട | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| തീയതി: | സംസ്ഥാന ഓഡിറ്റ് വകുപ്പ് |

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളിൽ നിർദ്ദേശിക്കപ്പെട്ടത് പ്രകാരം, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നീ പത്രികകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

### 1-1-3 ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ (Land) മൂല്യം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. സ്ഥിര

ആസ്തികളിൽ കെട്ടിടങ്ങളുടേത് ഒഴികെ മറ്റ് ആസ്തികളുടെ മൂല്യശോഷണമായി മുൻ സാമ്പത്തിക വർഷത്തെ തുക തന്നെയാണ് ചേർത്തിട്ടുള്ളത്.

### 1-1-4 വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

ഷെഡ്യൂൾ ബി18 – കേരള വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, പബ്ലിക്ക് വർക്സ് ഡിപ്പാർട്ട്മെന്റ് എന്നിവയിൽ വിവിധ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി നിക്ഷേപിച്ച തുകയിൽ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുവാൻ അവശേഷിക്കുന്ന തുകയുടെ വിവരം അഡ്വാൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തലിന്റെ അഭാവത്തിൽ ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല.
Advance To Others, Other Deposits ഇനങ്ങളിൽ യഥാക്രമം 7,00,000 രൂപ, 74,77,000 രൂപ വീതം ക്രമീകരിക്കുവാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ലഭ്യമല്ല. ഇത് സംബന്ധിച്ച വിവരങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-5 വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക അഡ്വാൻസ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരം Temporary Advance For Official Purpose ഇനത്തിൽ ക്രമീകരിക്കുവാൻ അവശേഷിക്കുന്ന തുക 11,27,925 രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് 11,36,818 രൂപയാണ്.

### 1-1-6 വാടക കുടിശ്ശികത്തുക ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വാടക കുടിശ്ശികത്തുക (79,500 രൂപ) വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള കുടിശ്ശികത്തുകയുമായി (90,000 രൂപ) പൊരുത്തപ്പെടുന്നില്ല.

### 1-1-7 വാർഷിക കണക്ക് പ്രകാരം അവശേഷിക്കുന്ന തുകകളെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമല്ല

ഷെഡ്യൂൾ ബി2 പ്രകാരം Development Fund For Transfer To Other LSGIs For Joint Venture Project എന്ന ഇനത്തിൽ 9,67,170 രൂപയും ഷെഡ്യൂൾ ബി12 പ്രകാരം Other Investment ഇനത്തിൽ 1,83,119 രൂപയും അവശേഷിക്കുന്നു. ടി തുകയുടെ വിശദവിവരം പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമല്ല.

### 1-1-8 ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ചെലവ് തുക പൊരുത്തപ്പെടുന്നില്ല

ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് തുക സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

2022-23 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ്, 30.03.2022 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 1,46,52,352 രൂപ മുന്നിരിപ്പും 14,79,84,200 രൂപ വരവും 16,24,96,400 രൂപ ചെലവും 1,40,152 രൂപ നീക്കിയിരിപ്പുമുള്ള ബജറ്റാണ് പാസ്സാക്കിയിട്ടുള്ളത്.

## 1-3 സാമ്പത്തിക വിശകലനം (റസിപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്)

| | |
|---|---|
| മുന്നിരിപ്പ് | 9593671 |
| വരവ് | 114865845 |
| ആകെ | 124459516 |
| ചെലവ് | 109763790 |
| നീക്കിയിരിപ്പ് | 14695726 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 32364000 | 32364000 | 29000317 | 3363683 |
| വികസനഫണ്ട്-എസ്.സി.പി | 0 | 32455000 | 32455000 | 28029104 | 4425896 |
| വികസനഫണ്ട്-ടി.എസ്.പി | 0 | 65000 | 65000 | 57834 | 7166 |
| മെയിന്റനൻസ് ഫണ്ട്-നോൺ റോഡ് | 0 | 9415000 | 9415000 | 4960801 | 4454199 |
| സി.എഫ്.സി-ടൈഡ് | 4187872 | 9270212 | 13458084 | 5886393 | 7571691 |
| സി.എഫ്.സി-അൺ ടൈഡ് | 519760 | 5723218 | 6242978 | 3118581 | 3124397 |

കേന്ദ്രാവിഷ്കൃത /സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഐ.സി.ഡി.എസ്. | 294648 | 0 | 294648 | 294648 | 0 |
| ശുചിത്വ മിഷൻ | 399895 | 11110 | 411005 | 0 | 411005 |
| നബാർഡ് | 689 | 0 | 689 | 689 | 0 |
| സാക്ഷരത | 114031 | 781 | 114812 | 114812 | 0 |
| ഐ.എ.വൈ | 0 | 1993 | 1993 | 0 | 1993 |
| ഹോസ്പിറ്റൽ ഗ്രാന്റ് | 0 | 2550000 | 2550000 | 0 | 2550000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തത് | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 104 | 139136584 | 82 | 82636081 | 0 | 22 | 78.8 |

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.06.2023-ന് 3.30-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. നീക്കിയിരുപ്പ് തുക ഇല്ലായെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

പദ്ധതി നിർവ്വഹണം, ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങൾ, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിന്മേലുള്ള മേൽനോട്ടം, തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിയ്ക്കൽ എന്നിങ്ങനെ വിവിധ മേഖലകൾ പരിശോധിച്ചതിൽ ആഭ്യന്തര നിയന്ത്രണത്തെ സംബന്ധിച്ച നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

സാംഖ്യ രസീതുകളുടെ കൗണ്ടർ ഫോയിൽ പരിശോധിച്ചതിൽ, അവ പ്രിന്റ് ചെയ്യപ്പെട്ടിട്ടില്ല എന്നും സാംഖ്യ രസീതിനുവേണ്ടിയുള്ള സ്റ്റേഷനറിയിൽ പേന ഉപയോഗിച്ച് എഴുതി രസീത് നൽകുകയാണ് ചെയ്തിട്ടുള്ളത് എന്നും കണ്ടു. ഇത് ചട്ടവിരുദ്ധമാണ്. സാംഖ്യ രസീതുകൾ നൽകുന്നതിനുള്ള സ്റ്റേഷനറി ലഭിച്ചതിന്റെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇവ സംബന്ധിച്ച് മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ക്രമീകരിക്കുവാൻ അവശേഷിക്കുന്നതായി വാർഷിക ധനകാര്യ പത്രികയിൽ കാണിച്ചിട്ടുള്ള തുകയുടെ വിശദ വിവരം ലഭ്യമല്ല. വൗച്ചറുകളുടെയും പദ്ധതി നിർവ്വഹണം സംബന്ധിച്ച ഫയലുകളുടെയും സൂക്ഷിപ്പ് തൃപ്തികരമാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 2 കടമുറികൾക്ക് നഗരസഭയിൽ നിന്ന് കെട്ടിടനമ്പർ ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ അവ വാടകയ്ക്ക് നൽകി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് കാലതാമസം നേരിടുന്നു. വാടകക്കുടിശ്ശിക പിരിച്ചെടുക്കാൻ ഫലപ്രദമായ നടപടി സ്വീകരിച്ചില്ല.

മേൽസൂചിപ്പിച്ച അപാകങ്ങൾ പരിഹരിയ്ക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02.03.2016 | 2014-15 | 08.07.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.03.2016 | 2011-12 To 2012-13 | 21.04.2016 |

## 1-9 സാംഖ്യാ രസീതുകളുടെ ഉപയോഗം സുതാര്യമല്ല

പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലെ അക്കൗണ്ടിംഗ് സമ്പ്രദായം കമ്പ്യൂട്ടർവൽക്കരിച്ചപ്പോൾ, സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന വരവുതുകകൾക്ക് കമ്പ്യൂട്ടർവൽക്കൃത രസീതുകൾ നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശത്തിന് വിരുദ്ധമായി, ബ്ലോക്ക് പഞ്ചായത്ത് 01.04.2022 മുതൽ 31.03.2023 തീയതിവരെ വിവിധ ഇനങ്ങളിൽ ലഭിച്ചിട്ടുള്ള വരവ് തുകകൾക്ക് സാംഖ്യാ രസീതുകൾ പ്രിന്റ് ചെയ്യാതെ, രസീതിനുവേണ്ടിയുള്ള സ്റ്റേഷനറിയിൽ പേന ഉപയോഗിച്ച് എഴുതി രസീത് നൽകുകയാണ് ചെയ്തിട്ടുള്ളത്. 2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റിലും സാംഖ്യാ രസീതുകൾ കൈകാര്യം ചെയ്യുന്നതിലെ ഈ അപാകത ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ അപാകത പരിഹരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് അധികൃതർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. വരവ് തുകകൾ സ്വീകരിക്കുന്നതിൽ ഉദ്യോഗസ്ഥർ കാണിക്കുന്ന നിരുത്തരവാദപരമായ സമീപനമാണ് ഇത് വ്യക്തമാക്കുന്നത്. ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ഉപയോഗിക്കുന്ന സാംഖ്യാ രസീത് സ്റ്റേഷനറിയുടെ സ്റ്റോക്ക് രജിസ്റ്ററിൽ, ഉപയോഗിച്ച സാംഖ്യാ രസീതുകളുടെ വിവരം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സാംഖ്യ രസീതുകൾ നൽകുന്നതിനുള്ള സ്റ്റേഷനറി ബ്ലോക്ക് പഞ്ചായത്തിൽ ലഭിച്ചതിന്റെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. സ്റ്റേഷനറിയുടെ സീരിയൽ നമ്പർ ക്രമം തെറ്റിച്ചും രസീതികൾ നൽകുന്നതിനായി ഉപയോഗിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-10 കടമുറികളുടെ വാടക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ആകെ 6 കടമുറികളാണ് ഉള്ളത്. ഇതിൽ 2 കടമുറികൾക്ക് നഗരസഭയിൽ നിന്ന് കെട്ടിട നമ്പർ അനുവദിച്ച് നൽകിയിട്ടില്ലാത്തതിനാൽ അവ വാടകയ്ക്ക് നൽകുന്നില്ല. അവശേഷിക്കുന്ന 15/274മുതൽ 277 വരെ നമ്പർ കടമുറികൾ വാടകയ്ക്ക് നൽകിയ ഇനത്തിൽ 2021-22 സാമ്പത്തിക വർഷം 4500 രൂപയും 2022-23 സാമ്പത്തിക വർഷം 79,500 രൂപയും കുടിശ്ശിക ഇനത്തിൽ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നതായി വാർഷിക ധനകാര്യ പത്രികയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കുടിശ്ശികത്തുക (79,500 രൂപ) വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള കുടിശ്ശികത്തുകയുമായി (90,000 രൂപ) പൊരുത്തപ്പെടുന്നില്ല. ഡിമാന്റ് രജിസ്റ്റർ പ്രകാരം പിരിച്ചെടുക്കുവാൻ അവശേഷിക്കുന്ന 90,000 രൂപ കുടിശ്ശികയിനത്തിൽ നാളിതുവരെ പിരിച്ചെടുത്തിട്ടുമില്ല. കുടിശ്ശികത്തുക പിരിച്ചെടുക്കുന്നതിന് തുടർനടപടി സ്വീകരിക്കേണ്ടതും 2 കടമുറികൾക്ക് കെട്ടിടനമ്പർ ലഭിക്കുന്നതിന് നടപടി സ്വീകരിച്ച് അവ വാടകയ്ക്ക് നൽകി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ശ്രമിക്കേണ്ടതുമാണ്.

## 1-11 അഡ്വാൻസ് രജിസ്റ്റർ ക്രമീകരിക്കുന്നില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരം, നാളിതുവരെ വിവിധ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകയിൽ 24,27,567 രൂപയും പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിച്ച തുകയിൽ 1,56,031 രൂപയും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിക്ഷേപിച്ച തുകയിൽ 36,835 രൂപയും ക്രമീകരിക്കുവാൻ അവശേഷിക്കുന്നു. ക്രമീകരിക്കുവാൻ അവശേഷിക്കുന്ന തുകയുടെ സംക്ഷിപ്തം ഡെപ്പോസിറ്റ് രജിസ്റ്ററിൽ എഴുതി തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലെ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. 2022-23 സാമ്പത്തിക വർഷം കേരള വാട്ടർ അതോറിറ്റിയിൽ 22,10,000 രൂപ നിക്ഷേപിച്ചിട്ടുള്ളതും മുൻവർഷങ്ങളിൽ നിക്ഷേപിച്ച 9,24,967 രൂപ വിവിധ പ്രവൃത്തികളുടെ പൂർത്തീകരണത്തിന് ശേഷം/പ്രവൃത്തി ഉപേക്ഷിച്ചതിന് ശേഷം ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിച്ചത് കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കിയിട്ടുള്ളതുമാണ്. എന്നാൽ ഇത് സംബന്ധിച്ച് അഡ്വാൻസ് രജിസ്റ്ററിലും വാർഷിക ധനകാര്യ പത്രികയിലും ക്രമീകരണം നടത്തിയിട്ടില്ല. നിക്ഷേപ പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണവും ഭൗതിക നേട്ടം ആർജ്ജിക്കുന്നതിന്റെ കൃത്യമായ വിലയിരുത്തലും സ്ഥാപന തലത്തിൽ ഉണ്ടാകേണ്ടതും പൂർത്തീകരണസാക്ഷ്യപത്രം ലഭ്യമാകുന്നതിനനുസരിച്ച് ഡെപ്പോസിറ്റ് രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക എന്നിവയിൽ ആവശ്യമായ ക്രമീകരണം വരുത്തേണ്ടതുമാണ്.

## 1-12 നിക്ഷേപ പ്രവർത്തികൾ- നടത്തിപ്പിലെ അപാകതകൾ സംബന്ധിച്ച്

ഓഡിറ്റ് വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകകളിൽ താഴെപ്പറയുന്നവയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

| ക്രമ നം. | പ്രവർത്തിയുടെ പേര്/പ്രോജക്ട് നം | ഒടുക്ക വരുത്തിയ തുക | ചെലവ് തുക | ബാലൻസ് തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | മുളംതടത്തിൽ കുരിശുപടി - മുളംതടത്തിൽ റോഡ് & സേവനം ജങ്ഷൻ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, വാർഡ് നം.16, പള്ളിക്കൽ ഗ്രാമപ്പഞ്ചായത്ത് 06/23 | 580000 | 0 | 580000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| 2 | മണക്കാലായിൽപ്പടി-ഗുരുമന്ദിരംപടി-കല്ലേത്ത് കിഴക്കേതിൽപ്പടി റോഡ് എക്സ്റ്റൻഷൻ, കൊടുമൺ ഗ്രാമപ്പഞ്ചായത്ത് 06/23 | 1000000 | 0 | 1000000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |

മറ്റ് അപാകതകൾ

1. മേൽ പദ്ധതി പ്രോജക്ടുകൾ നിർവ്വഹണം നടത്തുന്നതിനായി പി4/2193/2022 തീയതി 23-11-22 പ്രകാരം എഴുതി തയ്യാറാക്കിയ കരാറിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മാത്രമേ ഒപ്പിട്ട് സാക്ഷ്യപ്പെടുത്തിയിട്ടുള്ളൂ. കേരള വാട്ടർ അതോറിട്ടി എക്സിക്യൂട്ടിവ് എൻജിനീയർ കരാർ ഒപ്പിട്ട് സാക്ഷ്യപ്പെടുത്തിയിട്ടില്ല. പദ്ധതികളുടെ പൂർത്തീകരിക്കുന്നതിനുള്ള കാലയളവ് കരാറിൽ രേഖപ്പെടുത്തിയിട്ടില്ല. നിക്ഷേപ പ്രവർത്തികളുടെ കരാർ എഴുതി തയ്യാറാക്കുമ്പോൾ ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിയും കേരള വാട്ടർ അതോറിട്ടി എക്സിക്യൂട്ടിവ് എൻജിനീയറും ഒപ്പിട്ട് സാക്ഷ്യപ്പെടുത്തുന്നതിനും, പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള കാലയളവ് രേഖപ്പെടുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-13 കേരള വാട്ടർ അതോറിറ്റിയിൽ നിന്നും തിരിച്ചടച്ച തുക ബ്ളോക്ക് പഞ്ചായത്തിന്റെ മിസലേനിയസ് അക്കൌണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു.

പള്ളിക്കൽ ഗ്രാമപ്പഞ്ചായത്തിലെ ചരിവു വിളപ്പടി- ചേനാട്ടുശ്ശേരി ചെറുകുന്നുപടി, വാർഡ് നമ്പർ 6, ചരിവ് മണികണ്ഠവിലാസം പടി – ചരുവിൽ ഭാഗം പൈപ്പ് ലൈൻ, വാർഡ് നമ്പർ 9 എന്നീ പ്രവർത്തികൾ പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. ടി പ്രവർത്തികൾക്കായി നിക്ഷേപിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിച്ച 133340 രൂപ 21-03-23 തീയതിയിലെ 0359515 നമ്പർ ചെക്ക് പ്രകാരം കേരള വാട്ടർ അതോറിറ്റി തിരികെ സമർപ്പിച്ചിട്ടുണ്ട്. ടി തുക ബ്ളോക്ക് പഞ്ചായത്തിന്റെ മിസലേനിയസ് അക്കൌണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. ആയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആയതിന് ബ്ലോക്ക് പഞ്ചായത്ത്

മറുപടി ലഭ്യമാക്കിയില്ല. പുതിയ പ്രൊജക്ടുകൾ ആവിഷ്കരിച്ച് പ്രസ്തുത തുക ചെലവ് ചെയ്യേണ്ടതാണ്. സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 തുക ഒടുക്കിയിട്ടും ബ്ലോക്ക് പഞ്ചായത്തിൽ പബ്ളിക്ക് അഡ്രസ് സിസ്റ്റം സ്ഥാപിച്ചില്ല

ബ്ലോക്ക് ഓഫീസിൽ പബ്ലിക്ക് അഡ്രസ് സിസ്റ്റം സ്ഥാപിക്കൽ (പ്രൊജക്ട് നമ്പർ 115/22) എന്ന പ്രൊജക്ടിന്റെ നിർവ്വഹണത്തിനായി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനീയർ പി.ഡബ്ളിയു.ഡി ഇലക്ട്രോണിക്ക് സബ് ഡിവിഷൻ, കോട്ടയം സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം 238000 രൂപ 8443-00-108-PW Deposit എന്ന ശീർഷകത്തിൽ 0104-59B-046 എന്ന ഡി.ഡി.ഒ കോഡ് പ്രകാരം ടി ഓഫീസിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ആയത് സ്ഥാപിച്ചിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (ഓഡിറ്റ് എൻക്വയറി നം.12, തീയതി 30-06-23) മറുപടി ലഭ്യമാക്കിയില്ല. ബ്ലോക്ക് ഓഫീസിൽ പബ്ലിക്ക് അഡ്രസ് സിസ്റ്റം സ്ഥാപിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വിഹിതം കൈമാറിയ പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. മോണിറ്ററിംഗും നടത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | അഗതി ആശ്രയ പരിചരണ പരിപാടി - ബ്ലോക്ക് വിഹിതം (34/23) | 100000 | ഏനാദിമംഗലം ഗ്രാമപ്പഞ്ചായത്തിനു നൽകി |
| | | 100000 | കടമ്പനാട് ഗ്രാമപ്പഞ്ചായത്തിനു നൽകി |
| | | 100000 | കലഞ്ഞൂർ ഗ്രാമപ്പഞ്ചായത്തിനു നൽകി |
| 2 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്കും ഓഫീസുകൾക്കും ദൈനംദിന ചെലവുകൾ നേരിടൽ 48/23 | 767394 | സി.എച്ച്.സി, ഏനാദിമംഗലം |
| | | | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനീയർ, പറക്കോട് |
| | | | ക്ഷീര വികസന ഓഫീസ്, പറക്കോട് |
| | | | പട്ടികജാതി വികസന ഓഫീസ്, പറക്കോട് |
| | | | വനിത ശിശു വികസന ഓഫീസ്, പറക്കോട് |
| 3 | ഐ.കെ.എം വിഹിതം നൽകൽ 29/23 | 83000 | ഇൻഫർമേഷൻ കേരള മിഷൻ |

ആയതിന് വിശദീകരണം ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 9, തീയതി 30-06-23) വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ഗ്രാമപ്പഞ്ചായത്തുകൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-16 പി.എം.എ.വൈ - തുക കൈപ്പറ്റിയവർ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

പി.എം.എ.വൈ പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് 2021-22 ൽ തുക കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗ്രാമപ്പഞ്ചായത്ത് | പേര്, മേൽവിലാസം | കൈപ്പറ്റിയ തുക | ഗഡുക്കൾ |
|---|---|---|---|---|
| 1 | ഏറത്ത് | രഞ്ജിനി, ശ്രേയസ് വില്ല, | 146000 | 2 |
| 2 | ഏഴംകുളം | മോനച്ചൻ, പടനിലത്ത് | 98000 | 1 |

| | | | | |
|---|---|---|---|---|
| 3 | പള്ളിക്കൽ | പങ്കജാക്ഷി, രജി ഭവനം | 328000 | 3 |
| 4 | പള്ളിക്കൽ | മഞ്ജുഷ, വേരിശ്ശേരിൽ | 306000 | 3 |
| 5 | പള്ളിക്കൽ | സരസമ്മ, കിണറുവിള | 146000 | 2 |
| 6 | പള്ളിക്കൽ | അമ്പിളി, തുണ്ടിൽ വീട് | 230000 | 3 |
| 7 | കലഞ്ഞൂർ | അനുരാജ്, ശിവന്യ ഭവൻ | 48000 | 1 |
| 8 | കലഞ്ഞൂർ | വത്സല, ചരുവിള പുത്തൻവീട് | 48000 | 1 |

ആയതിന് വിശദീകരണം ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 8, തീയതി 27-06-23) തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിയ്ക്കുന്നതിനോ അല്ലാത്തപക്ഷം കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ അല്ലാത്തപക്ഷം കൈപ്പറ്റിയ തുക ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കി ഒടുക്കുവരുത്തുകയോ ചെയ്യേണ്ടതാണ്. സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 മുൻകൂർ പണമടച്ചിട്ടും മരുന്ന്, ലാബ് റീയേജന്റ്സ് എന്നിവ പൂർണ്ണമായും ലഭ്യമാക്കിയില്ല

ഏനാദിമംഗലം സി.എച്ച്.സിയിലേക്ക് ആവശ്യമായ മരുന്നും, ലാബ് റീയേജന്റുകളും വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളിൽ മരുന്ന്, ലാബ് റീ ഏജന്റ് എന്നിവയ്ക്കായി അടവാക്കിയ തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര്/നം | ചെലവ് തുക | മരുന്ന് ലഭ്യമായ തുക | മരുന്ന് ലഭ്യമാക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | ഏനാദിമംഗലം സി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ 9/23 | 1500000 | 610278 | 889722 |
| 2 | രെജിസ്റ്റേറേഡ് പാലിയേറ്റീവ് സൊസൈറ്റികൾക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ 54/20 | 1063000 | 199336 | 863664 |
| 3 | സെക്കന്ററി പാലിയേറ്റിവ് കെയർ 8/21 | 1044610 | 345752 | 698858 |

അവശേഷിക്കുന്ന തുകക്കുള്ള മരുന്നും ഉപകരണങ്ങളും ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്റർ (RRF)- പ്രവർത്തനം ആരംഭിച്ചില്ല.

ബ്ലോക്ക് പഞ്ചായത്ത് 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കൊടുമൺ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ നിർമ്മിച്ച റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്റർ ഇപ്പോഴും പ്രവർത്തനം ആരംഭിക്കുന്നതിന് സാധിക്കാത്ത അവസ്ഥയിലാണ്. 2020-21 സാമ്പത്തികവർഷം 1280407 രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന്

വയറിംഗ് പ്രവൃത്തികൾ ചെയ്യുന്നതിന് 2022-23 ൽ 45000 രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഐക്കാട് കൊടുമൺ വലിയ തോടിന്റെ കരയിൽ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ പരിസരം വെള്ളക്കെട്ടുണ്ടാകുന്ന പ്രദേശമാണ്. 2019 ലെ കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 22ൽ ഇത്തരം പ്രദേശങ്ങളിൽ കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യമല്ല എന്ന വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ Rule 5(4)(12)(ii)പ്രകാരമുള്ള Fire&Safety സാക്ഷ്യപത്രം വാങ്ങാതെയാണ് മാലിന്യസംസ്കരണപ്രവർത്തനത്തിനുള്ള പ്രസ്തുത സ്ഥാപനത്തിന്റെ നിർമ്മാണം നടത്തിയിട്ടുള്ളത്. RRFൽ സംസ്കരിക്കുന്നതിനുള്ള പാഴ് വസ്തുക്കൾ സൂക്ഷിക്കുന്നതിന് സമീപപ്രദേശത്തായി കളക്ഷൻ സെന്ററുകൾ ഇല്ല എന്നതും ശ്രദ്ധേയമാണ്.





സെന്ററിൽ സ്ഥാപിക്കുന്നതിനായി ചെയ്യുന്നതിനായി കൊണ്ടുവന്ന ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 2 ഷ്രെഡിംഗ് മെഷീനുകൾ കെട്ടിടത്തിന്റെ പ്രവേശനകവാടത്തിന്റെ ഉയരക്കുറവ് മൂലം അകത്തു കടത്താനാകാതെ പുറത്ത് വെച്ചിരിക്കുകയാണ്. RRFകെട്ടിടത്തിൽ സിംഗിൾ ഫേസ് വയറിംഗ് പ്രവൃത്തികളാണ് നടത്തിയിട്ടുള്ളത് എന്നതും മെഷീൻ സ്ഥാപിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നു. ഇപ്രകാരമുള്ള പ്രശ്നങ്ങൾ കാരണം മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് വേണ്ടി ബ്ലോക്ക് പഞ്ചായത്ത് 2020-21 ൽ നിർമ്മിച്ച RRF കെട്ടിടം രണ്ട് വർഷം പിന്നിട്ടിട്ടും ഉപയോഗപ്പെടുത്താനായിട്ടില്ല. ഗ്രാമപഞ്ചായത്തുമായി ചേർന്ന് പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിച്ച് സെന്റർ പ്രവർത്തന സജ്ജമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 CHC കെട്ടിട നവീകരണത്തിന്റെ ഭാഗമായി കുഴിച്ചെടുത്ത മണ്ണ് ലേലം ചെയ്തില്ല

ഏനാദിമംഗലം CHC കെട്ടിടത്തിന് പമ്പ് റൂം നിർമ്മിക്കുന്നതിന്റെ ഭാഗമായി (116/22) കുഴിച്ചെടുത്ത 92.208 മീറ്റർ ക്യൂബ് മണ്ണ് സമയബന്ധിതമായി ലേലം ചെയ്യാതിരുന്നതു മൂലം ബ്ളോക്ക് പഞ്ചായത്തിന് 25400 രൂപ നഷ്ടമായി. കുഴിച്ചെടുത്ത മണ്ണ് ലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മണ്ണിന് 25400/- രൂപ വാല്യുവേഷൻ കണക്കാക്കി സാക്ഷ്യപത്രം സഹിതം(92.208x275=25400) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 03.06.2022ൽ ഡിബി/ജനറൽ/2022-ാം നമ്പരായി ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി കത്ത് നൽകിയിരുന്നു. ലേലനടപടികളിന്മേൽ സ്വീകരിച്ച ഉടർനടപടികൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(11/23dtd 30.06.23) മണ്ണ് നാളിതുവരെ ലേലം ചെയ്തിട്ടില്ല എന്നും, ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിയുമായി ബന്ധപ്പെട്ട് ലേലനടപടികൾ തുടർന്ന് സ്വീകരിക്കുന്നതാണെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നല്കിയിട്ടുണ്ട്. പ്രവൃത്തിയുടെ ഭാഗമായി കുഴിച്ചെടുത്ത മണ്ണ് സമയബന്ധിതമായി ലേലം ചെയ്യാതിരുന്നത് ബ്ളോക്ക് പഞ്ചായത്തിന് വരവിനത്തിൽ ലഭിക്കേണ്ടിയിരുന്ന തുക നഷ്ടമാകുന്നതിന് ഇടയായി. മണ്ണ് ലേലം ചെയ്ത് മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-20 റോഡ് പുനരുദ്ധാരണപ്രവൃത്തികളിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുന്ന റോഡുകളുടെ വീതിയെ സംബന്ധിച്ച് പി.എം.ജി.എസ്.വൈ മാനദണ്ഡങ്ങൾ

ബാധകമാക്കികൊണ്ട് 26.12.12-ൽ സർക്കാർ ഉത്തരവ് (26.12.12-ലെ ജി.ഒ.(എം.എസ്.)നം.344/12/തസ്വഭവ) പുറപ്പെടുവിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ റോഡുകളുടെ കുറഞ്ഞ വീതി 6 മീറ്ററായി നിശ്ചയിച്ചിട്ടുണ്ട്.എന്നാൽ ഓഡിറ്റ് കാലയളവിൽ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയ റോഡ് നിർമ്മാണ പ്രവൃത്തികളിൽ 6 മീറ്റർ വീതി ഇല്ലാത്തവയും ഉൾപ്പെട്ടിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 73/23 | വേദമല-പെരുന്തോയിക്കൽ റോഡ് കോൺക്രീറ്റിംഗ് | 604900 | 604853 |
| 2 | 75/23 | എണ്ണശ്ശേരിമഠം-പയറ്റുവിള കേളനി റോഡ് കോൺക്രീറ്റിംഗ് | 406400 | 405624 |

ഏറ്റെടുക്കുന്ന റോഡുകളുടെ വീതി സംബന്ധിച്ച് സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. വീതി കുറഞ്ഞ റോഡുകൾ ഏറ്റെടുക്കുന്നതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/23dtd27.06.23) എസ്.സി.പി. ഫണ്ട് വകയിരുത്തുന്ന പ്രോജക്ടുകൾക്ക് ഫണ്ട് ചെലവഴിക്കേണ്ടതിനാലും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിനാലുമാണ് 6 മീറ്ററിൽ കുറഞ്ഞ വീതിയുള്ള റോഡുകൾ ഏറ്റെടുക്കേണ്ടി വന്നതെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. വരും വർഷങ്ങളിൽ റോഡ് പ്രവൃത്തികൾ നടപ്പാക്കുമ്പോൾ റോഡുകളുടെ കുറഞ്ഞ വീതി 6 മീറ്ററാണെന്ന് ഉറപ്പാക്കേണ്ടതും സർട്ടിഫിക്കറ്റ് ഫയലിനോടൊപ്പം സൂക്ഷിക്കേണ്ടതുമാണ്.

## 1-21 ഗ്രാമപഞ്ചായത്തുകളുടെ ആസ്തികളിൽ നിർമ്മാണപ്രവൃത്തികൾ നടത്തുന്നതിന് അനുമതി ഉറപ്പാക്കണം

ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിലെ വില്ലേജ് റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാവുന്നതാണെന്ന് കേരള പഞ്ചായത്ത് രാജ് ആക്ട് 172-ാം വകുപ്പ് 1-ാം ഉപവകുപ്പ് 4-ാം പട്ടിക യിൽ വ്യക്തമാക്കുന്നു. ഇപ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രം വാങ്ങിയിരിക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ (സ.ഉ(കൈ.) 84/2022/ത.സ്വ.ഭ.വ തീയതി: 19/04/2022) സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ റോഡ് പ്രവൃത്തികൾ ഏറ്റെടുത്തത് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ രേഖാമൂലമുള്ള അനുമതി വാങ്ങാതെയാണ്. കടമ്പനാട്, ഏഴംകുളം, കൊടുമൺ ഗ്രാമപഞ്ചായത്തുകളുടെ ആസ്തിയിൽ ഉൾപ്പെടുന്ന പ്രവൃത്തികൾക്ക് മാത്രമാണ് ബന്ധപ്പെട്ട ഭരണസമിതിയുടെ രേഖാമൂലമുള്ള അനുമതി ഹാജരാക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകളുടെ ആസ്തികളിൽ നിർമ്മാണപ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുമ്പോൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത ഭരണസമിതിയുടെ രേഖാമൂലമുള്ള അനുമതി ഉറപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-22 അറുപത് വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് യോഗ പരിശീലനം - നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നം : 60/22-23
അടങ്കൽ : 364000
ചെലവ് : 169300
എൻക്വയറി നം : 02
ജില്ലാ സാമൂഹ്യ നീതി ഓഫീസറുടെ 31-1-23 ലെ DSJO/PTA / 1147/2022 - P 1 നംപർ ഉത്തരവ് പ്രകാരം
അംഗീകാരം ലഭിച്ച പ്രോജക്ട് വിഭാവനം ചെയ്തത്( A) യോഗ മാറ്റുകൾ വാങ്ങുക ( B) മൂന്ന് BNYS ബിരുദമുള്ള പരിശീലകരെ തിരഞ്ഞെടുത്തതിന് ശേഷം 9 കേന്ദ്രങ്ങളിൽ വച്ച് 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് മൂന്ന് മാസം പരിശീലനം നൽകുക എന്നിവയായിരുന്നു. CDPO യുടെ 15-3-23 ലെ ICDS/PKDADL/524/22 നം ഉത്തരവ് പ്രകാരം ഡിസംബർ / 2022, 2023 ജനവരി ഫെബ്രുവരി മാസങ്ങളിൽ യോഗ പരിശീലനം നടത്തിയതായി രേഖപ്പെടുത്തി ഹോണറേറിയം നൽകിയിട്ടുണ്ട്. കണ്ടെത്തിയ അപാകതൾ : പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതിന് മുമ്പ് തന്നെ യോഗ അധ്യാപകർക്ക് ഹോണറേറിയം നൽകിയിരിക്കുന്നു.(അംഗീകാരം ലഭിച്ച ഉത്തരവ് :- 31-1-23 ലെ DSJO/PTA / 1147/2022 - P 1 നംപർ ഉത്തരവ്) പദ്ധതിക്കാവശ്യമായ 100 യോഗ മാറ്റുകൾ വാങ്ങുന്നതിനാവശ്യമായ 68 മാറ്റുകൾ കൈപ്പറ്റിയതായ കൈപ്പറ്റിയതിന് ശേഷം ബാക്കിയുള്ള 32 മാറ്റുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ

ആധികാരിക രേഖകൾ ഇല്ല. യോഗ പരിശീലനം ആരംഭിച് മൂന്ന് മാസത്തിന് ശേഷമാണ് മാറ്റുകൾ വാങ്ങി വിതരണം ചെയ്തതിട്ടുള്ളത്. വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ചേർക്കുന്നു.

### 1-23 ജെന്റർ റിസോഴ്സ് സെന്റർ അടിസ്ഥാന സൗകര്യങ്ങൾ , വനിത കൗൺസലിംഗ് സെന്റർ (നം:70/22-23) പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ.

സി.ഡി.പി ഒ (അഡീഷണൽ ) നിർവ്വഹണം നടത്തിയ ജെന്റർ റിസോഴ്സ് സെന്റർ അടിസ്ഥാന സൗകര്യങ്ങൾ, വനിത കൗൺസലിംഗ് സെന്റർ എന്ന പദ്ധതിയുടെ നിർവഹണത്തിലെ അപാകതകൾ വിശദമായി ഉൾപ്പെടുത്തുന്നു .
സി.ഡി.പി ഒ (അഡീഷണൽ) നിർവ്വഹണം നടത്തിയ ജെന്റർ റിസോഴ്സ് സെന്റർ അടിസ്ഥാന സൗകര്യങ്ങൾ, വനിത കൗൺസലിംഗ് സെന്റർ എന്ന പ്രോജക്ട് (നം : 70/ 22-23) പദ്ധതി നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു. [എൻക്വയറി നം : 16 /3-7-23]
1) അംഗീകരിച്ച പദ്ധതി പ്രവർത്തനം നടപ്പിലാക്കിയില്ല.
ഫർണിച്ചർ വാങ്ങൽ, കൗൺസിലർ നിയമനം, പഞ്ചായത്ത്തല ജാഗ്രതാസമിതി ശക്തിപ്പെടുത്തൽ എന്നിവയായിരുന്നു പദ്ധതിയിൽ വിഭാവനം ചെയ്തത്. ഇവയിൽ പഞ്ചായത്ത് തല ജാഗ്രതാ സമിതി ശക്തിപ്പെടുത്തൽ എന്ന പ്രവർത്തനത്തിന് 23000 രൂപ വകയിരുത്തിയിട്ടും ടി പ്രവർത്തനം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാത്തതിനാൽ ജാഗ്രതാ സമിതി ശക്തിപ്പെടുത്തൽ ഗ്രാമ പഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. ജാഗ്രതാ സമിതിയുടെ പ്രവർത്തനങ്ങൾ പഞ്ചായത്തുതലങ്ങളിലേക്ക് വ്യാപിപ്പിച്ച് ജനങ്ങൾക്ക് ഉപകാരപ്രദമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
2) ജി ആർ.സി രൂപീകരണവും. അനുബന്ധ സൗകര്യങ്ങൾ ഒരുക്കലും - അപാകതകൾ .
ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ അദ്ധ്യക്ഷനായും ഇ.ഒ. ഡബ്യു ഡബ്ല്യു കൺവീനറുമായി പതിനഞ്ചു പേരിൽ അധികരിക്കാത്ത ഒരു ബ്ലോക്ക്തല ജി ആർ.സി രൂപീകരിച്ചിട്ടില്ല. രൂപീകരിക്കാത്ത ജെന്റർ റിസോഴ്സ് സെന്ററിലേക്ക് 25 പ്ലാസ്റ്റിറ്റിക്ക് കസേരകൾ വാങ്ങിച്ചിരിക്കുന്നത്. വുമൺ ഫെസിലിറ്റേറ്ററുടെ പ്രവർത്തനങ്ങൾ വിലയിരുത്തുവാനും ജി ആർ സി , ജാഗ്രതാ സമിതി വനിതാ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും കഴിഞ്ഞിട്ടില്ല. CDPO യുടെ 19-11-22ലെ ICDS / PKDADL /524/22 നംപർ ഉത്തരവ് പ്രകാരമാണ് ഫെസിലറ്റേറ്ററെ നിയമിച്ചിരിക്കുന്നത്. ഉത്തരവ് പുറപ്പെടുവിച്ച് രണ്ടര മാസങ്ങൾ കഴിഞ്ഞാണ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നത്. ബിസ്മി ഹോം അപ്ലയൻസ്സ്റെ ഇൻവോയ്സ് പ്രകാരം 1-2-2023 ൽ ഫെസിലിറ്റേറ്ററുടെ ഓഫീസിലേക്ക് മേശ, കസേര, അലമാര, ഫാൻ എന്നിവ വാങ്ങി സജ്ജീകരിച്ചിട്ടുള്ളത്. അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെ ഫെസിലിറ്റേറ്റർ കൗൺസലിംങ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നിർവ്വഹിച്ചിട്ടുള്ളതിൽ അവ്യക്തത നിലനിൽക്കുന്നു.
3) ഫെസിലിറ്റേറ്റർക്ക് ഹോണറേറിയം നൽകൽ -അപാകതകൾ
നവംബർ 2022 മുതൽ ഫെബ്രുവരി 2023 വരെ പ്രവർത്തിച്ചതിന്റെ ഹോണറേറിയം ഫെസിലിറ്റേറ്റർക്ക് നൽകിയിട്ടുണ്ട്. എന്നാൽ നവംബർ, ഡിസംബർ, ജനുവരി / 2023 മാസങ്ങളിലെ പ്രവർത്തന റിപ്പോർട്ടുകളിൽ ഫെസിലിറ്റേറ്റർ ശ്രീമതി അൻസൽന ഒപ്പു രേഖപ്പെടുത്തി സമർപ്പിച്ചിട്ടില്ല. സാക്ഷ്യപെടുത്താതെ ഹാജരാക്കിയ റിപ്പോർട്ടിന് ആധികാരികതയില്ല. (ഉദാ :സാക്ഷ്യപ്പെടുത്താതെ ഹാജരാക്കിയ ടി റിപ്പോർട്ടിൽ 7-12-22 ൽ ബ്ലോക്ക് കമ്മിറ്റിയിൽ ഫെസിലിറ്റേറ്റർ പങ്കെടുത്തു എന്ന് എഴുതിയിട്ടുള്ളത് തെറ്റാണ്. അന്നേ തിയതിയിൽ നടന്ന കമ്മിറ്റിയിൽ ഫെസിലിറ്റേറ്റർ പങ്കെടുത്തിട്ടില്ലന്ന് മിനുട്ട്സ് ഹാജർ രേഖകൾ തെളിയിക്കുന്നു). ഫെസിലിറ്റേറ്റർ സാക്ഷ്യപ്പെടുത്തി നൽകിയ പ്രവർത്തന റിപ്പോർട്ട് ഫെബ്രുവരി 2023ൽ മാത്രമാണ്. ഫെസിലിറ്റേറ്ററുടെ സേവനം ആരംഭിച്ചിട്ടുള്ളത് ഫെബ്രുവരി 2023 ൽ മാത്രമാണന്ന് പ്രവർത്തന റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ വ്യക്തമാകുന്നു. നവംബർ, ഡിസംബർ, ജനുവരി / 2023 മാസങ്ങളിലെ ഹോണറേറിയം ബില്ലുകൾ : 01 ( 16- 12-22), 03 ( 28-1-23), 04 (8-2-23) പ്രകാരം യഥാക്രമം മാറിയിട്ടുള്ള തുകകൾ 6265/-, 17000/-, 17000/- ആകുന്നു. ₹ 40265/- രൂപ അംഗീകരിക്കുന്നില്ല. മിനുട്ട്സുകൾ , പ്രവർത്തന റിപ്പോർട്ടുകൾ തയ്യാറാക്കുമ്പോൾ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അറുപത് വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് ബ്ലോക്ക് കേന്ദ്രങ്ങളിൽ യോഗ പരിശീലനം

എന്ന പ്രോജക്ട് - നിർവ്വഹണത്തിലെ അപാകതകൾ .

പ്രോജക്ട് നം : 60/22-23

അടങ്കൽ : 364000

ചെലവ് : 169300

എൻക്വയറി നം : 02

ജില്ലാ സാമൂഹ്യ നീതി ഓഫീസറുടെ 31-1-23 ലെ DSJO/PTA / 1147/2022 - P 1 നംപർ ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ച പ്രോജക്ട് വിഭാവനം ചെയ്തത് (A) യോഗ മാറ്റുകൾ വാങ്ങുക (B) മൂന്ന് BNYS ബിരുദമുള്ള പരിശീലകരെ തിരഞ്ഞെടുത്തതിന് ശേഷം 9 കേന്ദ്രങ്ങളിൽ വച്ച് 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് മൂന്ന് മാസം പരിശീലനം നൽകുക എന്നിവയായിരുന്നു. മൂന്ന് യോഗ പരിശീലകരെ നിയമിച്ച ഇവർക്ക് മൂന്ന് കേന്ദ്രങ്ങൾ CDPO യുടെ 19-11-22 ലെ ഉത്തരവ് പ്രകാരം പരിശീലനം നൽകുന്നതിനായി അനുവദിച്ച നൽകിയിരുന്നു. വടക്കടത്തു ലൈബ്രറി ഹാൾ, കൊടുമൺ പകൽ പരിപാലന കേന്ദ്രം, ഏനാദിമംഗലം കേന്ദ്രം എന്നിവയാണ് യോഗ കേന്ദ്രങ്ങൾ. ഈ കേന്ദ്രങ്ങൾ അല്ലാതെ മറ്റു കേന്ദ്രങ്ങൾ പരിശീലനത്തിനായി തീരഞ്ഞെടുത്തതിന്റെ CDPO യുടെ ഉത്തരവുകൾ ഹാജരക്കിയിട്ടില്ല. CDPO യുടെ 15-3-23 ലെ ICDS/PKDADL/524/22 നം ഉത്തരവ് പ്രകാരം ഡിസംബർ / 2022, 2023 ജനവരി ഫെബ്രുവരി മാസങ്ങളിൽ യോഗ പരിശീലനം നടത്തിയതായി രേഖപ്പെടുത്തി ഹോണറേറിയം നൽകിയിട്ടുണ്ട്.

കണ്ടെത്തിയ അപാകതകൾ ചുവടെ:

1) പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതിന് മുമ്പ് (31-1-23 ലെ DSJO/PTA / 1147/2022 - P 1 നംപർ ഉത്തരവ്)തന്നെ യോഗ അധ്യാപകർക്ക് ഡിസംബർ 2022, ജനവരി 2023 മാസങ്ങളിലെ ഹോണറേറിയം നൽകിയിരിക്കുന്നു.

2) യോഗ പരിശീലനത്തിനാവശ്യമായ 100 മാറ്റുകൾ വാങ്ങുന്നതിന് 34500 രൂപ ബിൽ നം : 6 / 20 - 3 - 2023 പ്രകാരം ചെലവഴിച്ച (@ 345/-). ത്രിവേണി Business സെന്റർ, കോന്നി 8 - 2 - 23 ലെ ഇൻവോയിസ് പ്രകാരം 100 മാറ്റുകൾ ലഭിച്ചത് സ്റ്റോക്കിൽ എടുത്തിട്ടില്ല. 68 മാറ്റുകൾ കൈപ്പറ്റിയതായ കൈപ്പറ്റ് രസീതുകൾ ഹാജരാക്കിയിട്ടുണ്ട്. ഈ 68 മാറ്റുകൾ 8-2-23, 25 - 2- 23, 28 - 2 - 23 തീയതികളിൽ മാത്രമാണ് മൂന്ന് യോഗാധ്യാപകർ കൈപ്പറ്റിയിരികുന്നത്. 32 മാറ്റുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ ആധികാരിക രേഖകൾ ഇല്ല (32 X @345). 11040/- രൂപ നിരാകരിക്കുന്നു. [ ബിൽ നം : 6- 20/2/23 ]

3) വയോജനങ്ങൾക്കുള്ള യോഗാ മാറ്റുകൾ വാങ്ങി വിതരണം ചെയ്തിട്ടുള്ളത് ഫ്രെബ്രുവരി 2023 ൽ ആണ് (8-2-23, 25 - 2- 23, 28 - 2 - 23). മാറ്റുകൾ വാങ്ങി വിതരണം ചെയ്യുന്നതിന് മുമ്പ് (ഡിസംബർ/2022, ജനവരി/2023, ഫെബ്രുവരി 2023 മാസങ്ങളിൽ) 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് മാറ്റില്ലാതെ യോഗ പരിശീലനം നൽകിയെന്നത് വിശ്വാസയോഗ്യമല്ല. കൂടാതെ യോഗ പരിശീലനം ആരംഭിച്ച് മൂന്ന് മാസത്തിന് ശേഷം മാറ്റുകൾ വാങ്ങി വിതരണം ചെയ്തതിന് വ്യക്തമായ വിശദീകരണം രേഖകളുടെ അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയില്ല. ആയതിനാൽ ടി മാസങ്ങളിൽ യോഗ അധ്യാപകർക്ക് നൽകിയ ഹോണറേറിയം തുക 43200/- ( ബിൽ നം : 8- 17/3/23 ) രൂപ നിരാകരിക്കുന്നു.

[മേൽ സൂചിപ്പിച്ച അപാകതകൾ ഓഡിറ്റ് എൻക്വയറി മുഖേന നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് നൽകിയിട്ടുള്ളതിന് രേഖാമൂലം മറുപടി നൽകിയിട്ടില്ല. ഹാജരാക്കാത്ത രേഖകൾ ജൂൺ 26 ന് ഹാജരാക്കണമെന്നാവശ്യപ്പെട്ടിരുന്നു. ആയത് ഓഡിറ്റ് പൂർത്തിയാക്കുന്ന തിയതി [3-7- 23] വരെ ഹാജരാക്കിയിട്ടില്ല.]

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 3332000 | പി.എം.എ.വൈ (ജനറൽ) | 3332000 | 0 |
| | 5586000 | പി.എം.എ.വൈ (എസ്.സി.പി) | 5586000 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | പ്രവർത്തിയുടെ പേര്/ പ്രോജക്ട് നം | ഒടുക്കു വരുത്തിയ തുക | ചെലവ് തുക | ബാലൻസ് തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | മുളംതടത്തിൽ കുരിശുപടി - മുളംതടത്തിൽ റോഡ് & സേവനം ജങ്ഷൻ പൈപ്പ് | 580000 | 0 | 580000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |

| | | | | | |
|---|---|---|---|---|---|
| | ലൈൻ എക്സ്റ്റൻഷൻ, വാർഡ് നം.16, പള്ളിക്കൽ ഗ്രാമപ്പഞ്ചായത്ത് 06/23 | | | | |
| 2 | ചരിവു വിളപ്പടി ചേനാട്ടുശ്ശേരി ചെറുകുന്നപടി എക്സ്റ്റൻഷൻ, വാർഡ് നം. 6, പള്ളിക്കൽ ഗ്രാമപ്പഞ്ചായത്ത്, ചരിവ് മണികണ്ഠവിലാസം പടിചരുവിൽ ഭാഗം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, വാർഡ് നം.9, പള്ളിക്കൽ ഗ്രാമപ്പഞ്ചായത്ത്. 06/23 | 630000 | 496660 | 133340 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട് |
| 3 | മണക്കാലായിൽപ്പടി-ഗുരുമന്ദിരംപടി-കല്ലേത്ത് കിഴക്കേതിൽപ്പടി റോഡ് എക്സ്റ്റൻഷൻ, കൊടുമൺ ഗ്രാമപ്പഞ്ചായത്ത് 06/23 | 1000000 | 0 | 1000000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുക നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

തൻവർഷം ഈയിനത്തിൽ വരവില്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ളതും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതുമായ ഖണ്ഡികകളിൽ, തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1999-00 | 12 | 2001-02 | അയൽക്കൂട്ട രൂപീകരണം - രജിസ്റ്ററുകളും ബുക്കുകളും വാങ്ങി നൽകിയത് | പരാമർശം നിലനിൽക്കുന്നു. |
| 2002-03 | 3-3 | 2006-07 | ഭവന നിർമ്മാണ പദ്ധതി ഫയലുകൾ ഓഡിറ്റിനു ഹാജരാക്കിയില്ല | പരാമർശം നിലനിൽക്കുന്നു. |
| 2002-03 | 3-4 | 2006-07 | മരാമത്ത് പ്രവൃത്തികൾ - വൌച്ചറുകളും രേഖകളും ഹാജരാക്കിയില്ല | പരാമർശം നിലനിൽക്കുന്നു. |

| | | | | |
|---|---|---|---|---|
| 2002-03 | 3-9 | 2006-07 | ജനറൽ പി ഡിയിൽ നിന്നും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ 179240 രൂപയുടെ വൌച്ചറുകളും രേഖകളും ഹാജരാക്കിയില്ല. | പരാമർശം നിലനിൽക്കുന്നു. |
| 2003-04 | 2-8. | 2007-08 | പാറക്കുഴി - പറമ്പിക്കുഴി ഏലാ ബണ്ട് നിർമ്മാണം പൂർത്തിയാക്കാത്തത് സംബന്ധിച്ച്. | പരാമർശം നിലനിൽക്കുന്നു. |
| 2005-06 | 3-4 | 2009-10 | 1194686 രൂപയുടെ ചെലവിനുള്ള വൌച്ചറുകളും രേഖകളും ഹാജരാക്കിയില്ല. | പരാമർശം നിലനിൽക്കുന്നു. |
| 2006-07 | 2-1 | 2010-11 | വനിതാ ക്ഷേമം (ജനറൽ, എസ്.സി.പി) മോണിട്ടറിംഗിന്റെ അഭാവം | പരാമർശം നിലനിൽക്കുന്നു. |
| 2006-07 | 2-6 | 2010-11 | വൃദ്ധർ വികലാംഗക്ഷേമം പദ്ധതി നടത്തിപ്പിലെ അപാകതകൾ | പരാമർശം നിലനിൽക്കുന്നു. |
| 2007-08 | 3-1 | 2010-11 | വികലാംഗക്ഷേമം പദ്ധതി നടത്തിപ്പിലെ അപാകതകൾ | പരാമർശം നിലനിൽക്കുന്നു. |
| 2007-08 | 3-5 | 2010-11 | വികലാംഗർക്ക് ബങ്ക് പദ്ധതി നടത്തിപ്പിലെ അപാകതകൾ | പരാമർശം നിലനിൽക്കുന്നു. |
| 2007-08 | 3-8(1) | 2010-11 | കുടിവെള്ള പദ്ധതി- അധികച്ചെലവ് | പരാമർശം നിലനിൽക്കുന്നു. |
| 2007-08 | 3-17 | 2010-11 | കിണർ നിർമ്മാണം- പിൻവലിച്ച തുക വിതരണം ചെയ്തില്ല | പരാമർശം നിലനിൽക്കുന്നു. |
| 2007-08 | 3-18 | 2010-11 | ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് മെയ്ന്റനൻസ്- കരാറുകാരന് അധിക തുക നൽകി | പരാമർശം നിലനിൽക്കുന്നു. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 124459516 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 109763790 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം | 54240 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 54240 | ശ്രീമതി ശ്രീരശ്മി റ്റി.എസ്, സി.ഡി.പി.ഒ |
| ആകെ | 54240 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ശ്രീരശ്മി റ്റി.എസ്, സി.ഡി.പി.ഒ<br>[ഖണ്ഡിക 3-1] | സി.ഡി.പി.ഒ,<br>പറക്കോട് ബ്ളോക്ക് പഞ്ചായത്ത് | മംഗല ശ്രീ,<br>മാമം,<br>കിഴുവിലം പി.ഒ ,<br>ആറ്റിങ്ങൽ ,<br>തിരുവനന്തപുരം<br>695104 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 2003-04 | എൽ.എഫ്.പി.റ്റി.എ – പി6/940/06, തീയതി 09-07-07 | 2 |
| 2004-05 | എൽ.എഫ്.പി.റ്റി.എ – പി6/ 877/06, തീയതി 06-12-07 | 9<br>(3-6, 3-10, 3-11, 3-12, 3-17, 3-18, 3-21, 3-23, 3-24) |
| 2005-06 | എൽ.എഫ്.പി.റ്റി.എ – പി6/ 878/06, തീയതി 11-12-07 | 10 |
| 2006-07 | എൽ.എഫ്.പി.റ്റി.എ – പി6/561/08, തീയതി 13-03-09 | 1 (2-13) |
| 2008-09 | എൽ.എഫ്.പി.റ്റി.എ – പി2/29/11, തീയതി 11-05-11 / 11-07-11 | 7 |
| 2009-10 | എൽ.എഫ്.പി.റ്റി.എ – പി2/ 30/11, തീയതി 10-10-11/16-03-12 | 3 |
| 2010-11<br>&<br>2011-12 | എൽ.എഫ്.പി.റ്റി.എ – പി2/236/13, തീയതി 30-11-13 /13-12-13 | 13 |
| 2012-13 | എൽ.എഫ്.പി.റ്റി.എ – പി2/ 226/14, തീയതി 09-05-14 | 9 |
| 2013-14 | എൽ.എഫ്.പി.റ്റി.എ – പി2/ 256/15, തീയതി 13-07-15 | 4<br>(2-1, 3-8, 3-10, 3-14) |
| 2014-15 | കെ എസ് എ പി.റ്റി.എ – പി2/1012/16, തീയതി 07-09-16 | 7<br>(2-1, 3-3, 3-4, 3-5, 3-6, 3-7, 3-8) |
| 2015-16 | കെ എസ് എ പി.റ്റി.എ – പി13/215/17, തീയതി 15-04-17 | 5<br>(2-1, 3-3, 3-4, 3-7, 3-13) |
| 2016-17 | കെ എസ് എ പി.റ്റി.എ – പി12/1303/17, തീയതി 07-12-17 | 11 |
| 2017-18 | കെ.എസ്സ്.എ.പി.റ്റി.എ.പി12/322/19 തീയതി | 8 |

| | | |
|---|---|---|
| | 10.05.2019 | |
| 2018-19 | കെ.എസ്സ്.എ.പി.റ്റി.എ.പി12/862/19 തീയതി 11.10.2019 | 6 (1-12,1-13, 1-16, 1-17, 1-18, 1-19) |
| 2019-20 | കെ.എസ്സ്.എ.പി.റ്റി.എ.പി12/914/21 തീയതി 23.01.2022 | 2 |
| 2020-21 | കെ.എസ്സ്.എ.പി.റ്റി.എ.പി12/915/21 തീയതി 23.01.2022 | 7 |
| 2021-22 | കെ.എസ്സ്.എ.പി.റ്റി.എ.പി P12/270/2023 തീയതി 28/03/23 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പത്തനംതിട്ട

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 4(1) dated 17-05-2023 and submitted on 17-05-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the PARAKKODE Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of PARAKKODE Block Panchayat for the year 2022-2023

Date: 06/10/2023

Senior Deputy Director
District Office Pathanamthitta
Kerala State Audit Department

## Audit Report appended to the Audit Certificate of PARAKKODE Block Panchayat for the Year 2022-2023.

**1.Major Observations**

1. Non disclosure of assets

**2.Other Observations**

1. Ratios and Notes to accounts, the mandatory financial statements prescribed in accounting rules are not submitted for audit
2. Cashflow statement-Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
3. Advance register does not match with accounts
4. Rent-arrear demand register does not match with accounts

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്